## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 176** **03.10. 2011-ൽ മറുപടിക്ക്.**

## കമ്മ്യൂണിറ്റി പോലീസിംഗ് സജീവവും വ്യാപകവും ആക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ജയിംസ് മാത്യു<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാർ പരിഷ്കരിച്ച പോലീസ് ആക്ടിന്റെ ഭാഗമായി ഇപ്പോൾ തുടർനടപടികൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; അവശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; | : (എ) ഉണ്ട്. കേരളാ പോലീസ് ആക്ട് 2011-ലെ ചില വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ പുറപ്പെടുവിക്കുകയോ, പരിഷ്കരിക്കുകയോ ചെയ്യേണ്ടത് ആവശ്യമാണ്. ഇതിനായി സർവ്വീസിലുള്ളവരും സർവ്വീസിൽ നിന്ന് വിരമിച്ചവരുമായ 5 പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് 18.01.2011-ലെ ജി.ഒ.(ആർ.ടി.) നമ്പർ:166/2011/ഹോം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കേരളാ പോലീസ് ആക്ടിന്റെ ഭാഗമായി തുടർ നടപടി എന്ന നിലയിൽ സെക്ഷൻ 126 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ചും, സെക്ഷൻ 56 പ്രകാരം അവകാശിയില്ലാത്ത വസ്തുക്കളിന്മേൽ ലെവി ഈടാക്കുന്നത് സംബന്ധിച്ചും, സെക്ഷൻ 101(6) പ്രകാരം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ബോർഡ് യോഗം കൂടുന്നത് സംബന്ധിച്ചും, സെക്ഷൻ 6(3) പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് |

(മറുപുറം)

സംബന്ധിച്ചും, വകുപ്പുതലത്തിൽ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സെക്ഷൻ 88(2) പ്രകാരം ട്രെയിനിംഗ് പീരീഡ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും, സെക്ഷൻ 126(3) പ്രകാരം കേസ് രാജിയാക്കുമ്പോൾ ഈടാക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് നിശ്ചയിക്കുന്നതിനും സെക്ഷൻ 127(2) പ്രകാരം ക്രിമിനൽ ജസ്റ്റീസ് മിസലേനിയസ് ഫണ്ട് നിലനിർത്തുന്നത് സംബന്ധിച്ചുമുള്ള പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) കമ്മ്യൂണിറ്റി പോലീസിംഗ് ഇപ്പോൾ നിർജ്ജീവ-മായിരിക്കുന്നത് എന്തുകൊണ്ടാണ് ;

: (ബി) കമ്മ്യൂണിറ്റി പോലീസിംഗ് നിർജ്ജീവമായിട്ടില്ല.

(സി) ഇത് സജീവവും വ്യാപകവുമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ?

: (സി) കമ്മ്യൂണിറ്റി പോലീസിംഗ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതി നടപ്പിലാക്കിയ 148 പോലീസ് സ്റ്റേഷനുകളിൽ 4 സിവിൽ പോലീസ് ഓഫീസർമാർ, ഒരു വനിതാ സിവിൽ പോലീസ് ഓഫീസർ എന്ന ക്രമത്തിൽ 740 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ